**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 774** **06-12-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈനുകളുടെ താഴെയുള്ള മരങ്ങളുടെയും ചെടികളുടെയും ശിഖരങ്ങൾ വെട്ടിമാറ്റുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വീട്ടുകളിലേക്കും വ്യവസായ സ്ഥാപനങ്ങളിലേക്കും മറ്റും വൈദ്യുതി കണക്ഷൻ നൽകുവാനുള്ള ലോ ടെൻഷൻ, ഹൈ ടെൻഷൻ ലൈനുകളുടെ താഴെയുള്ള മരങ്ങളുടെയും ചെടികളുടെയും ശിഖരങ്ങൾ സാധാരണയായി എത്ര ഇടവേളകളിലാണ് വെട്ടിമാറ്റുന്നത്; | (എ) | മരങ്ങളുടെയും ചെടികളുടെയും ശിഖരങ്ങളുടെയും വളർച്ചയ്ക്ക് അനുസൃതമായിട്ടാണ് ഈ പ്രവൃത്തി നടത്തി വരുന്നത്. ഇതിനായി പ്രത്യേക സമയക്രമം നിലവിലില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി വകുപ്പ് നേരിട്ടാണോ അതോ കരാർ നൽകിയാണോ ചെയ്തുവരുന്നത്; | (ബി) | ഈ പ്രവൃത്തി ഭാഗികമായി കെ.എസ്.ഇ.ബി.എൽ. ഉം ബാക്കിയുള്ളവ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് ആയി കരാർ അടിസ്ഥാനത്തിലും ആണ് ചെയ്തു വരുന്നത്. |
| (സി) | സർക്കാരിന് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന ഇത്തരം പ്രവൃത്തി ഒരു പരിധി വരെ നിയന്ത്രിക്കാൻ ഇലക്ട്രിക് ലൈനിനു താഴെയുള്ള ചെടികളും മരങ്ങളും പൂർണ്ണമായി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കേരളം പോലെ വൃക്ഷനിബിഡമായതും, ഏകദേശം എല്ലാ പ്രദേശങ്ങളിലും വൈദ്യുതി ലൈനുകൾ എത്തിയിട്ടുള്ളതുമായ പ്രദേശത്ത് ലൈനുകളോട് ചേർന്ന് നിൽക്കുന്ന മരങ്ങൾ പൂർണ്ണമായും വെട്ടിമാറ്റുന്നത് പ്രായോഗികമല്ല. ഈ പ്രവൃത്തി വ്യാപകമായ വന/വൃക്ഷ നശീകരണത്തിനും അതുവഴി ധാരാളം പരാതികൾക്കും കാരണമാകും. കൂടാതെ, കഴിഞ്ഞ ഏതാനും വർഷങ്ങളായി മാറി വരുന്ന കാലാവസ്ഥ കാരണം വർഷത്തിൽ ഉടനീളം മഴ ലഭിക്കുന്നതുമൂലം മരങ്ങളും ചെടികളും അനിയന്ത്രിതമായി വളരുന്നതിനാൽ എൽ ടി – എച്ച് ടി ലൈനുകളുടെ അരികിലുള്ളവ ഒരു പ്രത്യേക സമയത്തു മാത്രം പൂർണ്ണമായി നീക്കം ചെയ്യുന്നത് പ്രായോഗികമല്ല. കൃത്യമായ ഇടവേളകളിൽ ഇവയുടെ വളർച്ച നിരീക്ഷിക്കുകയും ആവശ്യമായ സമയങ്ങളിൽ ടച്ചിംഗ് ക്ലിയറൻസ് പ്രവൃത്തി നടത്തുകയുമാണ് ഇപ്പോൾ ചെയ്തു വരുന്നത്. |

സെക്ഷൻ ഓഫീസർ